

## സഹയാത്രികർ

■ അബൂഫിദൽ

# ഉർദു മാസികയിലെ മലയാളി സാന്നിധ്യം

**പത്രപ്രവർത്തനത്തിൽ** ഉത്തരേന്ത്യയിലെ മുസ്‌ലിംകൾ വളരെ സജീവമാണ്. അവർ ധാരാളം ഉർദു പ്രസിദ്ധീകരണങ്ങൾ നടത്തുന്നു. അവയുടെയൊക്കെ പത്രാധിപരും പ്രിന്ററും പബ്ലിഷറും പ്രൂഫ് റീഡറും സർക്കുലേഷൻ മാനേജരും, പിന്നെ വായനക്കാരനും ഒരാൾ തന്നെയായിരിക്കുമെന്ന് മാത്രം! ഉർദു പത്രപ്രവർത്തനത്തിന്റെ പതിതാവസ്ഥയെ, പ്രമുഖ എഴുത്തുകാരനായ ഒ. അബ്ദുല്ല പരിഹ സോക്തിയോടെ മുമ്പൊരിക്കൽ വിശേഷിപ്പിച്ചതാണിത്. എന്നാൽ ഇത്തരം ഉർദു പ്രസിദ്ധീകരണങ്ങളിൽ നിന്ന് ശ്രദ്ധേയമായൊരു അപവാദമാണ് കഴിഞ്ഞ 23 വർഷമായി ദൽഹിയിൽ പുറത്തിറങ്ങുന്ന *റഫീഖെ മൻസിൽ* മാസിക. ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം, വിദ്യാഭ്യാസം, ഇന്ത്യൻ സമൂഹം, പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങൾ, രാഷ്ട്രീയം, കല തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളിൽ ഗൗരവപ്പെട്ട ലേഖനങ്ങൾ *റഫീഖെ മൻസിലി*ന്റെ പ്രത്യേകതയാണ്. ഔദ്യോഗികമായി എസ്.ഐ.ഒ മുഖപത്രമാണ് മാസികയെങ്കിലും ഒരു സംഘടനാ മുഖപത്രത്തിന്റെ ചട്ടക്കൂടുകൾക്ക് പുറത്തേക്ക് കടക്കാൻ അതിന് എപ്പോഴും കഴിയാറുണ്ട്. വിദ്യാർഥികൾക്കിടയിൽ അതിനാൽ തന്നെ *റഫീഖെ മൻസിലി*ന് സവിശേഷ സ്ഥാനവുമുണ്ട്.

ഉർദു പത്രലോകത്ത് നിന്ന് പലപ്പോഴും വളരെ അകലെയാണ് മലയാളി മുസ്‌ലിംകൾ. ഉർദു എഴുത്തുകാരും വായനക്കാരും നമുക്ക് നന്നെ കുറവ്. മലയാളി മുസ്‌ലിംകളുമായി ബന്ധപ്പെട്ട വാർത്തകളോ ലേഖനങ്ങളോ ഉർദു പ്രസിദ്ധീകരണങ്ങളിൽ വരാറുമില്ല. എന്നാൽ *റഫീഖെ മൻസിലി*ന്റെ പുതിയ ലക്കത്തിൽ ഒരു മലയാളിയുടെ കോളം ആരംഭിച്ചിരിക്കുന്നു. എസ്.ഐ.ഒ മുൻ ദേശീയ അധ്യക്ഷനായ ബിശ്റുദ്ദീൻ ശർഖിയാണ് *ബിശാറത്* എന്ന പേരിൽ തന്റെ കോളം ആരംഭിച്ചിരിക്കുന്നത്. ഉർദു പത്രപ്രവർത്തന ചരിത്രത്തിൽ ഇത് അപൂർവതയാണ് എന്ന് നമുക്ക് ഉറപ്പിക്കാം.

*റഫീഖെ മൻസിലി*ന്റെ വിലാസം: 230, അബുൽ ഫസൽ എൻക്ലേവ്, ജാമിയ നഗർ, ഓഖ്‌ല, ന്യൂഡൽഹി 110025

### ശബ്ദ മാസിക

നിശ്ചിത പുസ്തകങ്ങൾ അടങ്ങുന്ന സിലബസ് വായിച്ച് പഠിച്ച ശേഷം സംസ്ഥാന പ്രസിഡന്റുമായോ അദ്ദേഹം നിയോഗിക്കുന്ന പ്രതിനിധിയുമായോ വ്യക്തി സംഭാഷണം

(മുലാഖാത്ത്) നടത്തിയ ശേഷമാണ് എസ്.ഐ.ഒവിൽ ഒരാൾക്ക് അംഗത്വം നൽകുക. പുസ്തകങ്ങളിൽ നല്ലൊരു ശതമാനം മൗദൂദി സാഹിബിന്റെ രചനകളാണ്. കാസർഗോഡ് എൽ.ബി.എസ് എഞ്ചിനിയറിംഗ് കോളെജിലെ ഒരു വിദ്യാർഥിയുമായി ഒരിക്കൽ ഈയാവശ്യാർഥം മുലാഖാത്ത് നടത്തുമ്പോഴാണ് ആ കൗതുകം മുന്നിൽ വന്നത്. കക്ഷിക്ക് വായിക്കാൻ ഒട്ടുമേ വയ്യ. പുസ്തകമെടുത്താൽ തല കറങ്ങും, ഉറക്കം തൂങ്ങും. എന്നാൽ ആൾ ബുദ്ധിമാനും കാര്യശേഷിയുമുള്ളയാളുമാണ്. മൗദൂദിയുടെ അടിസ്ഥാന രചനകൾ അദ്ദേഹം കേട്ടു മനസ്സിലാക്കിയിട്ടേ ഉള്ളൂ. ജമാഅത്തെ ഇസ്‌ലാമി കേരളയുടെ വെബ്സൈറ്റിൽ ഖുതുബാത്, രക്ഷാസരണി, ഇസ്‌ലാം മതം, സത്യസാക്ഷ്യം എന്നീ മൗദൂദി കൃതികളുടെ ഓഡിയോ പതിപ്പുകൾ ലഭ്യമാണ്. അവ ഡൗൺലോഡ് ചെയ്ത് മൊബൈൽ ഫോണിൽ സൂക്ഷിച്ച് സമയം കിട്ടുമ്പോൾ മൗദൂദി രചനകളെ കേൾക്കുകയായിരുന്നു പ്രസ്തുത വിദ്യാർഥി.

വായനയെ സഹിക്കാൻ കഴിയാത്ത പുതിയ തലമുറക്ക് വിജ്ഞാനാർജനത്തിന് പല പുതു വഴികളുമുണ്ട്. അതിന്റെ ഒരു സാമ്പിൾ മാത്രമാണ് മേൽ കണ്ടത്. ആ തലമുറയെ/വിഭാഗത്തെ മുന്നിൽ കണ്ടു കൊണ്ടാവണം കോഴിക്കോട്ടെ *യുവത* വ്യത്യസ്തമായൊരു ആശയവുമായി രംഗത്ത് വന്നിരിക്കുന്നു– *ദിവ്യദീപ്തി ശ്രാവ്യ മാസിക*. അതായത്, *ശബാബ്, പുടവ, അത്തൗഹീദ്* എന്നീ പ്രസിദ്ധീകരണങ്ങളിലെ രചനകളുടെ ശബ്ദാവിഷ്കാരം മാസം തോറും പുറത്തിറക്കുന്ന സംവിധാനം. 'മലയാളത്തിന്റെ ഹൃദയ സരസ്സിനെ ധ്വനി സാന്ദ്രമാക്കി ഇസ്‌ലാമിക ഭാവുകത്വത്തിന്റെ ശബ്ദമുദ്ര' എന്നാണ് *ദിവ്യദീപ്തി* അവരുടെ പരസ്യത്തിൽ അവകാശപ്പെടുന്നത്. വ്യത്യസ്തമായ ഈ സംരംഭത്തിന് സർവ ഭാവുകങ്ങളും. യുവത ഓഡിയോ ആന്റ് വീഡിയോ പ്രവർത്തകരെ 0495 2701812 എന്ന നമ്പറിൽ ബന്ധപ്പെടാം. ■